# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 267  18.03.2013-ൽ മറുപടി

### പോലീസ് ലാത്തിച്ചാർജ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല. എന്നാൽ അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചു വിടുന്നതിനുവേണ്ടി ലാത്തി വീശിയതുൾപ്പെടെ 16 ലാത്തിചാർജ്ജുകളും, 39 ടിയർഗ്യാസ് ഷെൽ പ്രയോഗവും 33 ജലപീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്. |
| ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധി കളോട് അപമര്യദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) ഈ കാലയളവിൽ ജനപ്രതിനിധികളോട് അപമര്യാദയായി പോലീസ് പെരുമാറിയതായും, മർദ്ദിച്ചതായും ആരോപിച്ചു കൊണ്ടുള്ള 5 പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ